
# മലയാള മനോരമക്ക് എത്ര വായനക്കാരുണ്ട്?

**മീഡിയാമേറ്റ് ന്യൂസ് സർവീസ്**

ശിവനെയും ശനി ബാധിക്കും എന്നൊരു ചൊല്ലുണ്ട്. മലയാള മനോരമയ്ക്കും ഇതു ശനിദശയാണെന്നു തോന്നുന്നു.

മലയാള മനോരമക്കെതിരെ ആദ്യം വടിയെടുത്തത് ദേശാഭിമാനിയാണ്. മനോരമ കോൺഗ്രസ്സുകാരനേക്കാളും കോൺഗ്രസ് പ്രേമം നിലനിർത്തുന്നതുകൊണ്ടാണ് ഒരു പാർട്ടി മുഖപത്രമായിരുന്നിട്ടു കൂടി ദേശാഭിമാനിക്ക് പത്തു വായനക്കാരെ ലഭിച്ചത് എന്നോർക്കാനുള്ള നന്ദി പോലും അവർ കാണിച്ചില്ല.

'വിൽപനയിലും വായനയിലും ഞങ്ങളാണ് മുന്നിൽ, ഞങ്ങളുടെ തൊട്ടു പുറകിലുള്ളവർ ഞങ്ങളേക്കാൾ കാതങ്ങളോളം പുറകിലാണ്' എന്ന മട്ടിൽ മനോരമ നൽകിയ തുൽപരസ്യങ്ങളാണ് മാതൃഭൂമിയെ ശക്തിയായി പ്രതികരിക്കാൻ പ്രേരിപ്പിച്ചത്.



കണക്കിൽ മുന്നിലെത്താൻവേണ്ടി വെറുതെ കോപ്പികൾ അച്ചടിച്ചുകൂട്ടി ആടിനും ആക്രികടക്കാരനും കൊടുക്കുകയാണ് അവർ ചെയ്യുന്നത് എന്ന മാതൃഭൂമിയുടെ പരസ്യാക്രമണം (ടിവിയിലും അച്ചടി മാധ്യമങ്ങളിലും) മനോരമ പ്രതീക്ഷിച്ചതിലും അപ്പുറത്തായിരുന്നു. മാതൃഭൂമിയുടെ ഈ പരസ്യത്തിന് ബദൽ നൽകാൻ മനോരമയ്ക്കായില്ല എന്നത് സംഗതി സത്യമാണ് എന്ന തോന്നൽ സാധാരണക്കാരിലുണ്ടാക്കുകയും ചെയ്തു.

അതിനു പുറമെയാണ് തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൊടുത്തു എന്നതിന് മനോരമയുടെ മുന്നിൽ ആത്മഹത്യ നടത്താൻ ഡോ. ദാന തീരുമാനിച്ചതും ഡോ.

(ശേഷം നാലാം പേജിൽ)

# മലയാള മനോരമക്ക് എത്ര വായനക്കാരുണ്ട്?

മനോരമയെപ്പോലെ നല്ലൊരു സ്ത്രീ ഭൂമിയിലുണ്ടാകാനിടയില്ല എന്ന മട്ടിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ച് അവരെ ആത്മഹത്യയിൽ നിന്നു പിന്തിരിപ്പിക്കാൻ മനോരമ തയ്യാറാകേണ്ടി വന്നതും. 92 ലക്ഷം മലയാളികൾ ദിവസവും മനോരമ ദിനപത്രം വായിക്കുന്നുണ്ട് എന്നാണ് മനോരമ പറയുന്നത്. മനോരമ നേരിട്ടു പറയുന്നതല്ല - നാഷണൽ റീഡർഷിപ്പ് സർവ്വേയിൽ കണ്ടതാണത്രെ!

എന്തു സർവ്വേയായാലും സംഗതി സത്യമാവാനിടയില്ലായെന്ന് സാമാന്യ വിവരമുള്ളവർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

ഈ ഭൂമിമലയാളത്തിൽ മൂന്നേകാൽ

(1-ാം പേജ് തുടർച്ച)

കോടി മലയാളികളേ ഉള്ളൂ. ഇന്നു ജനിച്ച കുഞ്ഞുമുതൽ 'ഊർദ്ധൻ വലിച്ച് കിടക്കുന്നവർ വരെ ഉൾപ്പെട്ട കണക്കാണിത്. മലയാളിയുടെ സാക്ഷരത സർക്കാർ കണക്കനുസരിച്ച് 90 ശതമാനമാണ്. പേരെഴുതാനറിയാവുന്നവരൊക്കെ സാക്ഷരനാണ് എന്ന കണക്കനുസരിച്ചാണ് ഈ ശതമാനം. പക്ഷേ, മലയാളിയുടെ പ്രായോഗിക സാക്ഷരത, അതായത് അത്യാവശ്യം ഒരു പത്രം തപ്പിത്തടഞ്ഞെങ്കിലും വായിച്ചു മനസ്സിലാക്കാനുള്ള സാക്ഷരതാ നിലവാരം, 85 ശതമാനത്തിൽ താഴെയാണ്.

കേരള ജനസംഖ്യയിൽ 15 ശതമാനത്തിൽ കൂടുതൽ വരും 10 വയസ്സിൽ താഴെ പ്രായമുള്ളവരുടെ എണ്ണം. കുട്ടികളുടെ ഈ 15 ശതമാനത്തെയും, പത്രം വായിക്കാനുള്ള സാക്ഷരതയില്ലാത്ത മുതിർന്നവരുടെ 15 ശതമാനത്തെയും മാറ്റിയാൽ ബാക്കി 70 ശതമാനമാണ് പത്രം വായിക്കാനുള്ള അക്ഷരാനുഭവമുള്ളവർ. ഈ 70 ശതമാനത്തിൽ 10 വയസ്സിനു മുകളിലുള്ള എഴുത്തും വായനയും അറിയുന്ന സകലരും പെടും. ഇക്കൂട്ടത്തിൽ എത്രപേർ ദിവസവും പത്രം വായിക്കുന്നുണ്ടാവും? കൂടിയാൽ അറുപതു ശതമാനം. അതായത് മൊത്തം മലയാളികളുടെ എണ്ണത്തിന്റെ 70 ശതമാനത്തിന്റെ 60 ശതമാനം മാത്രമാണ് ദിവസേന പത്രം വായിക്കുന്നത് - അതായത് കഷ്ടിച്ച് ഒന്നരകോടി മലയാളികൾ. പത്രം വായിക്കുന്നത് ഒന്നരകോടി മലയാളികളാണെന്നിരിക്കെ അതിൽ 92 ലക്ഷം പേരും മനോരമ വായിക്കുന്നു എന്നു പറയുന്നത്, ആടിനെ ആനയാക്കലല്ലേ?

മനോരമയുടെ കണക്കിനെ കുറച്ചു കൂടി ലളിതമായി മറ്റൊരു രീതിയിലും സമീപിക്കാം. മുകളിൽ പറഞ്ഞപോലെ, ഇന്നു ജനിച്ച കുഞ്ഞുമുതൽ ഇന്നു മരിക്കാനിടയുള്ള വയോവൃദ്ധൻ വരെ സകലവരെയും ചേർത്ത് എടുത്താലും ആകെ മൂന്നര കോടി മലയാളികളേ ഭൂമിയിലുള്ളൂ. അതിൽ 92 ലക്ഷം പേർ മലയാളമനോരമ ദിവസവും വായിക്കുന്നു എന്നുപറഞ്ഞാൽ അതിനർത്ഥം ഓരോ നാലു മലയാളികളിലും ഒരാൾ വെച്ച് മനോരമ വായിക്കുന്നു എന്നാണ്! - അതൊരു മനോഹരമായ സ്വപ്നമായിരിക്കാം, പക്ഷേ, യാഥാർത്ഥ്യമായിട്ടില്ല.

മനോരമക്ക് എട്ട് ലക്ഷം കോപ്പിയിലേറെ പ്രചാരമുണ്ടെന്നാണ് മറ്റൊരു കണക്ക് പറയുന്നത്. കേരളത്തിലാകെ 66 ലക്ഷം കുടുംബങ്ങളാണുള്ളത്. അപ്പോൾ ഓരോ എട്ടു വീട്ടിലും ഒരു വീട്ടിൽവെച്ച് മനോരമ വരുത്തുന്നുണ്ടാവണം!

എന്തതിശയമേ______ എന്നല്ലാതെ എന്തു പറയാൻ?